ഗുരുമാർഗം

പാമ്പുകളെ ചുറ്റിപ്പിണച്ച് അലങ്കാരമായിട്ടുള്ളവനും ഭസ്മം ദേഹം മുഴുവൻ പൂശിയിട്ടുള്ളവനും പ്രപഞ്ചമാകുന്ന കരിക്കട്ടുണിഞ്ഞവനുമായ സുബ്രഹ്മണ്യനെ നമസ്കരിച്ച് ഉപാസിക്കുവിൻ.



ഒരു ജാതി ഒരു മതം ഒരു ദൈവം

ആയില്യം 30 - 26
ഷഷ്ഠി 51 - 24
1940 മാർഗശീർഷം 17
1439 റബീ ഉൽ അവ്വൽ 19
1193 വൃശ്ചികം 23

ഹരിത കേരളത്തിലേക്ക് ചുവടുവയ്ക്കുമ്പോൾ

പിണറായി വിജയൻ
(മുഖ്യമന്ത്രി)

1956ൽ ഐക്യകേരളം രൂപീകൃതമായ കാലം മുതൽ തന്നെ നമ്മുടെ സംസ്ഥാനം സുസ്ഥിര വികസനം സാധ്യമാകുന്നതിനായുള്ള നിരവധി പരിഷ്കരണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഭൂപരിഷ്കരണം, വിദ്യാഭ്യാസ പരിഷ്കരണം, സാക്ഷരതായജ്ഞം ജനകീയാസൂത്രണം, സ്ത്രീശാക്തീകരണം, സാമൂഹ്യആരോഗ്യ പരിപാലനം തുടങ്ങിയ പ്രസ്ഥാനങ്ങൾ രാജ്യമാകെ ശ്രദ്ധിക്കപ്പെട്ടു.

ധാരാളം മഴ ലഭിക്കുന്നുവെങ്കിലും വേനൽക്കാലത്ത് വലിയ ജലക്ഷാമം നേരിടുന്ന സ്ഥിതി കേരളത്തിൽ വർദ്ധിച്ചിരിക്കുന്നു. ലഭ്യമായ വെള്ളം മലിനമായി മാറുന്ന സ്ഥിതിയും വ്യാപകമാണ്. വർദ്ധിച്ചു വരുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നതിലെ അപര്യാപ്തത വലിയ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിനു കാരണമായിരിക്കുന്നു. കാർഷിക മേഖലയുടെ മുരടിപ്പ് സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷയെ വലിയ തോതിൽ ബാധിച്ചിരിക്കുന്നു.

കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖല മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ടതാണ്. എന്നാൽ ഇന്ന് ആഗോളതലത്തിൽ കാര്യങ്ങൾ കാണേണ്ടിവന്നിരിക്കുന്നു. അതിനനുസൃതമായി നമ്മുടെ അടിസ്ഥാന പൊതുവിദ്യാഭ്യാസസൗകര്യങ്ങളുടെ നിലവാരം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഭൂരഹിതർക്കും ഭവനരഹിതർക്കും സഹായമെത്തിക്കുന്നതിൽ സംസ്ഥാനത്തെ പുരോഗമന സർക്കാരുകൾ ഏക്കാലവും വലിയ പ്രാധാന്യം നൽകിയിട്ടുണ്ട്. എന്നിരുന്നാലും ഇനിയും ചിലർക്ക് സ്വന്തമായി വീടില്ലാത്ത സ്ഥിതി പരിഹരിക്കേണ്ടതുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ കഴിഞ്ഞ ഒരു വർഷമായി ആരോഗ്യ മേഖലക്കായി 'ആർദ്രം', വിദ്യാഭ്യാസമേഖലക്കായി 'പൊതുവിദ്യാഭ്യാസ യജ്ഞം', ഭവനങ്ങളും ജീവനോപാധിസഹായവും ലഭ്യമാക്കുന്നതിനായി 'ലൈഫ്', പരിസ്ഥിതി സുരക്ഷ ഉറപ്പാക്കുന്നതിനായി 'ഹരിതകേരളം' എന്നീ നാല് വികസന മിഷനുകൾ രൂപീകരിച്ച പ്രവർത്തനം ആരംഭിക്കുകയുണ്ടായി.

ഹരിത കേരളത്തിന്റെ ഒരു വർഷം

ശുചിത്വം, മാലിന്യ സംസ്കരണം, ജലസംരക്ഷണം, കൃഷി വികസനം എന്നീ ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ഹരിത കേരളം മിഷൻ ഇന്ന് ഒരു വർഷം പൂർത്തിയാകുന്നു. നാട് നേരിടുന്ന ഗുരുതരമായ ചില വികസന പ്രതിസന്ധികളെ അഭിസംബോധന ചെയ്യേണ്ട അതിപ്രധാനമായ ദൗത്യം എന്ന നിലയിലാണ് സർക്കാർ ഹരികേരളം മിഷനെ വിഭാവനം ചെയ്തത്. കേരളത്തിന്റെ ഏറ്റവും പ്രധാന സവിശേഷതകളായിരുന്ന വൃത്തിയും ജലസമൃദ്ധിയും സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനവും മെച്ചപ്പെടുത്തുന്നതിനുള്ള ദൗത്യമായാണ് ഹരിതകേരള മിഷൻ രൂപീകരിച്ചിട്ടുള്ളത്. ആദ്യഘട്ടത്തിൽ കുളങ്ങൾ, കനാലുകൾ, തോടുകൾ എന്നിവ പുനരുജ്ജീവിപ്പിക്കുന്നതിനും നിലനിറുത്തുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടത്. പള്ളിക്കലാർ, കുട്ടേമ്പരൂറാർ, ആദി പമ്പ, വരട്ടാർ, കോലറയാർ, കോട്ടൂർ, മീനന്തല യാർ, പെരുംതോട്, കാനാമ്പുഴ തുടങ്ങി നിരവധി ഉപനദികൾ ഉപയോഗത്തിലേക്ക് തിരിച്ചുവന്നു. പ്രദേശവാസികൾ സ്വരൂപിച്ച സാമ്പത്തിക സഹായമാണ് പ്രധാനമായും ഈ പുനരുജ്ജീവന പ്രവർത്തനങ്ങൾ സാധ്യമാക്കിയത്.

മാലിന്യ സംസ്കരണം

കഴിഞ്ഞ പതിരുപത് വർഷക്കാലമായി മാലിന്യസംസ്കരണം മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമത്തിലാണ് സംസ്ഥാനം. എന്നാൽ നമ്മുടെ പ്രയത്നങ്ങൾ വേണ്ടത്ര ഫലം കാണുന്നില്ല എന്ന സ്ഥിതിയാണ് സംസ്ഥാനത്തെ അലട്ടുന്നത്. മാലിന്യ സംസ്കരണത്തിൽ നാളിതുവരെയുള്ള സംസ്ഥാനത്തിന്റെ അനുഭവങ്ങൾ വച്ചുകൊണ്ട് ജനപങ്കാളിത്തത്തോടൊപ്പം അനുയോജ്യ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിയും മാലിന്യസംസ്കരണ പ്രശ്നം പരിഹരിക്കുന്നതിനുള്ള സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. മാലിന്യം പരമാവധി കുറക്കുന്നതിനും പുനരുപയോഗിക്കുന്നതിനും പുന:ചംക്രമണത്തിന് വിധേയമാക്കുന്ന തിനുമുള്ള സാർവത്രികതത്വം സ്വീകരിച്ചുകൊണ്ട്, മാലിന്യത്തെ വിഭവമായി പരിഗണിച്ചു കൊണ്ട് പരിഹാരം കാണുന്നതിനുള്ള രീതിയാണ് ഹരിതകേരളംമിഷന്റെ ഭാഗമായി സ്വീകരിക്കുന്നത്. ഇതോടൊപ്പം വലിയ നഗര പ്രദേശങ്ങളിൽ കേന്ദ്രീകൃതമാലിന്യ സംസ്കരണ സംവിധാനങ്ങളും വേണ്ടതുണ്ട്. ശുചിത്വ മിഷൻ, ക്ലീൻ കേരള കമ്പനി, കുടുംബശ്രീ മിഷൻ, തൊഴിലുറപ്പ് പദ്ധതി, സാങ്കേതിക സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹായത്തോടെ 300ലധികം തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ സമഗ്രമായ മാലിന്യസംസ്കരണ സംവിധാനം പ്രായോഗികമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ഹരിതകേരളം മിഷൻ

> കേരളത്തിന്റെ ഓരോ ഇഞ്ച് ഭൂമിയിലും, ഓരോ വ്യക്തിയുടെ മനസിലും ഓരോ ഭവനത്തിലും, സ്ഥാപനത്തിലും കടന്നു ചെല്ലേണ്ട ഇടപെടലും സന്ദേശവുമായി ഈ പ്രവർത്തനങ്ങൾ മാറുന്നതിലൂടെ മാത്രമേ ഹരിത കേരളം എന്ന ലക്ഷ്യം നേടാൻ കഴിയൂ.

'മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം' എന്ന വിപുലമായ കാമ്പയിനിലൂടെയാണ് 300 തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്.

കാർഷികമേന്മ

കേരളത്തിലെ നെൽകൃഷിയുടെ വിസ്തൃതി 2 ലക്ഷം ഹെക്ടറിനു താഴെയെത്തിയിരിക്കുകയാണ്. പച്ചക്കറി ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാനുള്ള സാധ്യതകളുണ്ടെങ്കിലും അത് പ്രയോജനപ്പെടുത്താത്ത അവസ്ഥ നിലവിലുണ്ട്. ലഭ്യമായ പച്ചക്കറിയേറെയും വിഷലിപ്തമാണ് എന്ന ബോധ്യപ്പെടുത്തലുകളും വലിയ തോതിൽ നമ്മെ അലട്ടുന്നു. ഈ സാഹചര്യത്തിൽ ജൈവകൃഷിക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള കൃഷിവികസനം സാധ്യമാക്കി സുരക്ഷിത ഭക്ഷ്യ വസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുക എന്നത് നമ്മുടെ സംസ്ഥാനത്തിന്റെ വികസനത്തിന് അത്യന്താപേക്ഷിതമായിരിക്കുന്നു.

വൃക്ഷവത്കരണം

മഴ, മണ്ണ് സംരക്ഷണം, ജലപരിപോഷണം, ശബ്ദമലിനീകരണ നിയന്ത്രണം, സർവോപരി പരിസ്ഥിതി സുരക്ഷ ഉറപ്പാക്കുന്നതിലും വൃക്ഷങ്ങൾക്ക് വലിയ പങ്കാണുള്ളത്. ആയതിനാൽ കഴിഞ്ഞ ലോകപരിസ്ഥിതിദിനവുമായി ബന്ധപ്പെടുത്തി 86 ലക്ഷം വൃക്ഷത്തൈകൾ വനം വകുപ്പ്, കാർഷിക വകുപ്പ്, കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി, വിവിധ മാധ്യമങ്ങൾ തുടങ്ങിയ സംവിധാനങ്ങളുമായി ചേർന്നു വച്ചു പിടിപ്പിക്കുന്നതിനുള്ള പരിശ്രമം വിജയിക്കുകയുണ്ടായി.

ഹരിതോത്സവം

പച്ചപ്പിന്റെ സമൃദ്ധി തിരിച്ചെടുക്കാൻ കൈകോർക്കുകയാണ് കേരളം. വിദ്യാർത്ഥികളെയും അവർക്കു ചുറ്റുമുള്ള പ്രകൃതിയെയും ഗാഢമായി ബന്ധിപ്പിച്ചുകൊണ്ട് ഹരിത സൗഹൃദമായ വിദ്യാലയാന്തരീക്ഷവും ഗൃഹാന്തരീക്ഷവും സൃഷ്ടിക്കുക എന്നത് കാലത്തിന്റെ ആവശ്യമായി മാറിയിരിക്കുന്നു. ഈ സന്ദേശം ഉൾക്കൊണ്ട് കേരളത്തിലെ വിദ്യാലയങ്ങളിൽ പഠനത്തോടൊപ്പം പത്ത് പരിസ്ഥിതി ഉത്സവങ്ങളും അതിന്റെ ഭാഗമായി നിരവധി ഹരിത പ്രവർത്തനങ്ങളും നിർവഹിച്ചുകൊണ്ട് ഹരിത വിദ്യാലയങ്ങളും ഹരിത ഭവനങ്ങളും സാധ്യമാക്കുന്ന നടപടിയാണ് വിദ്യാർത്ഥി സമൂഹത്തിന്റെ പങ്കാളിത്തത്തോടെ ഹരിതോത്സവം വിഭാവനം ചെയ്തിട്ടുള്ളത്.

പ്രതീക്ഷയുടെ ആദ്യവർഷം

കേരളത്തിലങ്ങോളമിങ്ങോളം പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രതീക്ഷാനിർഭരമായ ചലനങ്ങൾ സൃഷ്ടിക്കാൻ ഹരിതകേരളം മിഷന് കഴിഞ്ഞു എന്നത് നല്ല തുടക്കമായി സർക്കാർ കാണുന്നു. എന്നാൽ കേരളത്തിന്റെ ഓരോ ഇഞ്ച് ഭൂമിയിലും ഓരോ വ്യക്തിയുടെ മനസിലും ഓരോ ഭവനത്തിലും സ്ഥാപനത്തിലും കടന്നു ചെല്ലേണ്ട ഇടപെടലും സന്ദേശവുമായി ഈ പ്രവർത്തനങ്ങൾ മാറുന്നതിലൂടെ മാത്രമേ ഹരിത കേരളം എന്ന ലക്ഷ്യം നേടാൻ കഴിയൂ. ഇതിനായി വിവിധ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും സംഘടനകളുടെയും പ്രാദേശിക കൂട്ടായ്മകളുടെയും ഏകോപനം ഒരു പരിധിവരെ സാധ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഈ കൂട്ടായ്മ വിപുലീകരിച്ചു വരികയാണ്. കൈവരിക്കാനുള്ള ലക്ഷ്യങ്ങൾ പരിഗണിച്ചുകൊണ്ട് ശാസ്ത്രീയവും ഭാവനാപൂർണവുമായ കാഴ്ചപ്പാടോടെ സംസ്ഥാനത്തിന്റെ ജലസുരക്ഷ, ഭക്ഷ്യസുരക്ഷ, പരിസ്ഥിതി സുരക്ഷ ഇവ നേടിയെടുക്കുക എന്ന വലിയ വെല്ലുവിളി ഏറ്റെടുക്കുന്നതിനുള്ള ശരിയായ പാതയിലൂടെയാണ് ഹരിതകേരളം മിഷൻ ഇപ്പോൾ മുന്നോട്ട് പോകുന്നത്.

എസ്.എഫ്.ഐ പ്രവർത്തകരോ അതോ കളിപ്പാവകളോ

സിൻഡിക്കേറ്റിൽ വലിഞ്ഞുകയറാൻ രാഷ്ട്രീയത്തിന്റെ മേൽവിലാസം ഉപയോഗിക്കുകയും, കയറിക്കഴിഞ്ഞാൽ ജാതിയുടെ വിഷപ്പല്ലുകൾ പുറത്തെടുക്കുകയും ചെയ്യുന്ന കലാപരിപാടി കേരള സർവകലാശാലയിൽ ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. സിൻഡിക്കേറ്റ് യോഗങ്ങളിൽ വർഷങ്ങളായി ജാതിയുടെ അടിസ്ഥാനത്തിൽ ചേരിതിരിവുകൾ പ്രകടമാകാറുണ്ട്. പാർട്ടി അച്ചടക്കത്തെക്കുറിച്ച് വീമ്പിളക്കാറുള്ള നേതാക്കൾ പോലും ഇത് അറിഞ്ഞില്ലെന്ന് ഭാവിക്കുകയാണ് പതിവ്.

കേരളസർവകലാശാലയെ വ്രണംപോലെ ഗ്രസിച്ച ജാതിരോഗത്തിന്റെ ഒരു ലക്ഷണമായി വേണം വൈസ് ചാൻസലർ ഡോ. പി.കെ. രാധാകൃഷ്ണനെ സിൻഡിക്കേറ്റ് ഹാളിൽ രണ്ടേകാൽ മണിക്കൂർ പൂട്ടിയിട്ട സംഭവത്തെ കാണാൻ. ഒരു അസിസ്റ്റന്റ് പ്രൊഫസറുടെ നിയമനം സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ കേസുണ്ട്. കേസിൽ കോടതി ഇതുവരെയും തീർപ്പ് കല്പിച്ചിട്ടില്ല. ഈ കേസിനെക്കുറിച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടായിരുന്നു വൈസ് ചാൻസലർക്ക് നേരെ അതിക്രമം കാട്ടിയത്. കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയത്തിൽ ചർച്ച സാദ്ധ്യമല്ലെന്ന് വ്യക്തമാക്കിയ അദ്ദേഹത്തെ പ്രാഥമികകൃത്യങ്ങൾ നിർവഹിക്കാൻ പോലും അനുവദിക്കാതെ തടഞ്ഞുവയ്ക്കുകയും പൂട്ടിയിടുകയുമായിരുന്നു.

അതിക്രമം കാട്ടിയ സിൻഡിക്കേറ്റ് അംഗങ്ങൾക്ക് ഒന്നുകിൽ ഹൈക്കോടതിയിൽ വിശ്വാസമില്ല. അല്ലെങ്കിൽ, മറ്റ് എന്തോ ഗൂഢലക്ഷ്യമുണ്ട്. കോടതിയോട് അവിശ്വാസം പ്രകടിപ്പിക്കാനുള്ള ചങ്കൂറ്റം അതിക്രമം കാട്ടിയ സിൻഡിക്കേറ്റ് അംഗങ്ങളിൽ നിന്ന് പ്രതീക്ഷിക്കാനാവാത്തതിനാൽ ഒരു ഗൂഢലക്ഷ്യമുണ്ടായിരുന്നുവെന്ന് മനസിലാക്കാൻ സാമാന്യബുദ്ധി മതി.

> അദ്ധ്യാപക നിയമനത്തിൽ സംവരണം നടപ്പാക്കാനുള്ള ഉറച്ച തീരുമാനം കൈക്കൊണ്ട വൈസ് ചാൻസലറെ പാരവയ്ക്കാനും പുറത്താക്കാനും ഒരു വിഭാഗം സിൻഡിക്കേറ്റ് അംഗങ്ങൾ ശ്രമിക്കുന്നത് മനസിലാക്കാം. കേരള സർവകലാശാലയ്ക്ക് ദേശീയ തലത്തിൽ അംഗീകാരം നേടിയെടുക്കുന്നതിന് നേതൃത്വം നൽകിയ അദ്ദേഹം വിദ്യാർത്ഥി സമൂഹത്തോട് എന്ത് തെറ്റാണ് ചെയ്തത്? സംവരണവിരുദ്ധ നിലപാട് സ്വീകരിച്ചിട്ടുള്ള സംഘടനയാണോ എസ്.എഫ്.ഐ? ഒരു കാര്യം ഉറപ്പാണ്. എസ്.എഫ്.ഐയുടെ സാധാരണ പ്രവർത്തകരിൽ ബഹുഭൂരിപക്ഷവും പിന്നാക്കക്കാരും ദളിതരുമാണ്.

ഹൈക്കോടതിയിലെ കേസിന് ആധാരമായ പരാതി സിൻഡിക്കേറ്റ് യോഗത്തിന്റെ അജൻഡയിലില്ലാത്ത വിഷയമായിരുന്നു. ഒറ്റനോട്ടത്തിൽ സംവരണ വിരുദ്ധമല്ലെന്ന് തോന്നുന്ന ഈ വിഷയം തന്ത്രപൂർവം യോഗത്തിൽ അവതരിപ്പിച്ചത് സദുദ്ദേശ്യത്തോടെയല്ല. അജൻഡയിൽ ഇല്ലാത്ത മറ്റൊരു ആവശ്യം അതിക്രമം കാട്ടിയ സിൻഡിക്കേറ്റ് അംഗങ്ങളുടെ പോക്കറ്റിൽ കിടപ്പുണ്ടായിരുന്നു. കേസിന് ആസ്പദമായ നിയമനക്കാര്യത്തിൽ വിജിലൻസ് അന്വേഷണം നടത്തണമെന്നും, അന്വേഷണം പൂർത്തിയാകും വരെ വൈസ് ചാൻസലർ അദ്ധ്യക്ഷനായ നിയമനസമിതി മരവിപ്പിക്കണമെന്നുമായിരുന്നു ആവശ്യം. സമിതി മരവിപ്പിച്ചാൽ ആരാണ് ഗുണഭോക്താക്കൾ? നൂറിലധികം അദ്ധ്യാപക തസ്തികകളിൽ സംവരണം നടപ്പാക്കാൻ സമിതി തീരുമാനിച്ചിരുന്നു. ഈ തീരുമാനം അട്ടിമറിക്കുകയെന്ന ഗൂഢലക്ഷ്യമായിരുന്നു സമിതി മരവിപ്പിക്കണമെന്ന ആവശ്യത്തിന് പിന്നിൽ. ആ നിലയ്ക്ക് സംവരണ വിരുദ്ധ ഗൂഢാലോചന തന്നെ ആയിരുന്നു, സിൻഡിക്കേറ്റിൽ നടന്ന കോപ്രായങ്ങൾക്കും അതിക്രമത്തിനും വഴിമരുന്നിട്ടത്.

ഈ പശ്ചാത്തലത്തിൽ വേണം വൈസ് ചാൻസലർ രാജിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് എസ്.എഫ്.ഐ പ്രവർത്തകർ സർവകലാശാലയിൽ നടത്തിയ അഴിഞ്ഞാട്ടത്തെ കാണാൻ. അദ്ധ്യാപക നിയമനത്തിൽ സംവരണം നടപ്പാക്കാനുള്ള ഉറച്ച തീരുമാനം കൈക്കൊണ്ട വൈസ് ചാൻസലറെ പാരവയ്ക്കാനും പുറത്താക്കാനും ഒരു വിഭാഗം സിൻഡിക്കേറ്റ് അംഗങ്ങൾ ശ്രമിക്കുന്നത് മനസിലാക്കാം. കേരള സർവകലാശാലയ്ക്ക് ദേശീയ തലത്തിൽ അംഗീകാരം നേടിയെടുക്കുന്നതിന് നേതൃത്വം നൽകിയ അദ്ദേഹം വിദ്യാർത്ഥി സമൂഹത്തോട് എന്ത് തെറ്റാണ് ചെയ്തത്? സംവരണവിരുദ്ധ നിലപാട് സ്വീകരിച്ചിട്ടുള്ള സംഘടനയാണോ എസ്.എഫ്.ഐ? ഒരു കാര്യം ഉറപ്പാണ്. എസ്.എഫ്.ഐയുടെ സാധാരണ പ്രവർത്തകരിൽ ബഹുഭൂരിപക്ഷവും പിന്നാക്കക്കാരും ദളിതരുമാണ്. സംവരണവിരുദ്ധർ തന്ത്രപരമായി അവരെ കളിപ്പാവകളാക്കി മാറ്റുകയായിരുന്നു. കോളേജുകളിൽ സംവരണ ക്വാട്ടയിൽ പ്രവേശനം നേടിയവർ പോലും കാണും കളിപ്പാവകളുടെ കൂട്ടത്തിൽ.

യുവത്വത്തിന്റെ ചോരത്തിളപ്പിൽ വിദ്യാർത്ഥികൾക്ക് സംവരണവും സാമൂഹികനീതിയും തമ്മിലുള്ള ഉറ്റബന്ധം തിരിച്ചറിയാൻ സാധിച്ചെന്ന് വരില്ല. തിരിച്ചറിയാൻ ഒരു എളുപ്പവഴിയുണ്ട്. മാതാപിതാക്കൾ ഉദ്യോഗസ്ഥരായതിനാൽ നഗരത്തിലെ മുന്തിയ സ്കൂളുകളിൽ ഒന്നിൽ പഠിക്കാനും മികച്ച രീതിയിൽ എൻട്രൻസ് പരിശീലനം നേടാനും അവസരം ലഭിച്ച ഒരു ദളിത് വിദ്യാർത്ഥിയോട് മെഡിക്കൽ പ്രവേശന പരീക്ഷയിൽ മത്സരിക്കാൻ, രണ്ടിനും അവസരം ലഭിക്കാതെ പോയ എത്ര വിദ്യാർത്ഥികൾക്ക് സാധിക്കും? ഈ ചോദ്യത്തിന്റെ ഉത്തരത്തിലുണ്ട്, സംവരണം എന്തിനെന്ന ചോദ്യത്തിന്റെയും ഉത്തരം. സംവരണം ബുദ്ധിയുടെ പോരായ്മ പരിഹരിക്കാനുള്ള ഒരു കുറുക്കുവഴിയല്ല; സാമൂഹിക അസമത്വം മൂലം തലമുറകളായി അവസരങ്ങൾ നിഷേധിക്കപ്പെട്ടതിന് ഒരു പ്രതിവിധിയാണ്. പക്ഷേ, സംവരണം ബുദ്ധിയുടെ പിന്നാക്കാവസ്ഥ പരിഹരിക്കാനാണെന്നാണ് സവർണചിന്താഗതിക്കാരുടെ ആക്ഷേപം. എസ്.എഫ്.ഐ പ്രവർത്തകരിലെ പിന്നാക്കക്കാരും ദളിതരും സംവരണവിരുദ്ധരുടെ കളിപ്പാവകളായി മാറുമ്പോൾ അവർ അറിയുന്നില്ല, തങ്ങൾ മണ്ടന്മാരാണെന്ന ആക്ഷേപം സമ്മതിച്ചുകൊടുക്കുകയാണെന്ന്! ഇതൊക്കെ സ്വയം മനസിലാക്കാൻ എല്ലാ കളിപ്പാവകൾക്കും കഴിഞ്ഞെന്ന് വരില്ല. രക്ഷിതാക്കൾ വേണം നേരാംവഴി കാട്ടിക്കൊടുക്കാൻ.

റഷ്യൻ സിനിമയുടെ കാവൽക്കാരൻ

രൂപശ്രീ ഐ.വി

മഹത്തായ റഷ്യൻ ചലച്ചിത്ര പൈതൃകത്തിന്റെ കരുത്തുറ്റ സൂക്ഷിപ്പുകാരൻ- കാലം അലക്സാണ്ടർ സുകുറോവിനെ വിശേഷിപ്പിക്കുന്നത് ഇങ്ങനെയാകാം. ലോകസിനിമയ്ക്ക് കരുത്തുറ്റ കാഴ്ചകൾ സമ്മാനിച്ച റഷ്യൻ സിനിമാലോകത്തിന് ആ താക്കോൽ ഭദ്രമായി ഏൽപ്പിക്കാൻ സുകുറോവിൽ കവിഞ്ഞൊരു നാമമില്ല.

ഭ്രമാത്മകമായ പ്രമേയങ്ങളിൽ പെരുമ നിറയുന്ന ഫ്രെയിമുകൾ കോർത്തിണക്കിയ ഈ റഷ്യൻ സംവിധായകനെയാണ് 22-ാമത് അന്താരാഷ്ട്ര ചലച്ചിത്ര മേള സമഗ്രസംഭാവനയ്ക്കുള്ള പുരസ്കാരത്തിനായി തിരഞ്ഞെടുത്തിരിക്കുന്നത്.

റെട്രോസ്പെക്ടീവ് വിഭാഗത്തിൽ മേള ഈ വർഷം തിരിഞ്ഞുനോക്കുന്നത് ലോകത്തെ വിസ്മയിപ്പിച്ച സുകുറോവിന്റെ മദർആൻഡ് സൺ (1997), റഷ്യൻ ആർക്ക് (2002), ഫാദർ ആൻഡ് സൺ (2003), ഫൗസ്റ്റ് (2011), ഫ്രാങ്കോഫോണിയ (2015) എന്നീ അഞ്ച് ചിത്രങ്ങളിലേക്കാണ്.

ഭീമൻ വിഷയങ്ങൾ കൊണ്ടും നെട്ടനീളൻ ഷോട്ടുകൾ കൊണ്ടും അദ്ഭുത കാഴ്ചാനുഭവമാണ് സുകുറോവിന്റെ ഓരോ ചിത്രവും. ഒരു കവിതപോലെ വൈവിദ്ധ്യമാർന്ന വിഷയങ്ങളെ സിനിമയുടെ കാൻവാസിലേക്ക് പകർത്തുന്ന സുകുറോവിന്റെ ചായക്കൂട്ടുകൾ കാഴ്ചക്കാരന് ഓരോ തവണയും നൽകുക അമ്പരപ്പ് നിറയുന്ന അനുഭൂതിയാണ്.

അലക്സാണ്ടർ സുകുറോവ്

മദർ ആൻഡ് സൺ

ഒരു അമ്മയും മകനും തമ്മിലുള്ള മാനസികവും ആത്മീയവുമായ ബന്ധത്തിന്റെ നേർത്ത ചരടുകൾ അനാവരണം ചെയ്യുകയാണ് 1997ൽ പുറത്തിറങ്ങിയ അദ്ദേഹത്തിന്റെ 'മദർ ആൻഡ് സൺ'. ആദ്യത്തെ പത്തു മിനിറ്റിനകം സിനിമയിലേക്ക് പ്രവേശിക്കുന്ന കാഴ്ചക്കാരനെ പിന്നീടുള്ള നിമിഷങ്ങളിൽ കരയിക്കാതെ പറഞ്ഞുവിടില്ല മദർ ആൻഡ് സൺ.

റഷ്യൻ ആർക്ക്

99 മിനിറ്റ് ദൈർഘ്യമുള്ള പ്രൗഢ ഗംഭീരമായ ഒരൊറ്റ ഷോട്ട്- അതായിരുന്നു 2002ൽപുറത്തിറങ്ങിയ സുകുറോവിന്റെ 'റഷ്യൻ ആർക്ക്'. അലക്സാണ്ടർ സുകുറോവ് എന്ന സംവിധായകന്റെ മഹത്തായ കലാസൃഷ്ടി എന്ന് ലോകം വാഴ്ത്തുന്ന ചിത്രം. സെന്റ് പീറ്റേഴ്സ് ബർഗിലെ ഹെർമിറ്റേജ് മ്യൂസിയത്തിന്റെ ദൃശ്യചാരുതയിലേക്കും ചരിത്രത്തിലേക്കും കൂട്ടിക്കൊണ്ടുപോകുന്ന ചിത്രം സിനിമയിലെഴുതിയ പ്രണയകാവ്യത്തിനു സമാനമാണ്.

ദ ഫാദർ ആൻഡ് സൺ

അൽക്കീസിയുടെയും മകന്റെയും ഒറ്റപ്പെട്ട ജീവിതവും അച്ഛനെ പിരിഞ്ഞു പോകേണ്ടിവരുന്നതിന്റെ ദൈന്യതയും വെളിവാക്കുന്ന 'ദ ഫാദർ ആൻഡ് സൺ' മനുഷ്യ വികാരങ്ങളെ തൊട്ടുണർത്താനുള്ള സുകുറോവിന്റെ കഴിവിനെ ഒരിക്കൽ കൂടി പ്രേക്ഷകർക്കു മുന്നിലെത്തിക്കും.

ഫൗസ്റ്റ്

ശബ്ദ കോലാഹലങ്ങളും സുഖാസക്തിയും ഒപ്പം കാഴ്ചയ്ക്കപ്പുറവും മനസിലേക്ക് വന്നു നിറയുന്ന പശ്ചാത്തലങ്ങളുമടങ്ങുന്ന ഒരു ഭ്രമാത്മക ദൃശ്യാവിഷ്കാരമാണ് 'ഫൗസ്റ്റ്'. 2011 ലെ വെനീസ് ചലച്ചിത്രോത്സവത്തിൽ പ്രേക്ഷകർ വലിയ കൈയടിയോടെ സ്വീകരിച്ച ചിത്രം കാണാം 22-ാമത് ചലച്ചിത്രമേളയിൽ.

ഫ്രാങ്കോഫോണിയ

നവോത്ഥാന കാലം മുതൽ ഇന്നു വരെയുമുള്ള പാരീസ് മ്യൂസിയത്തിന്റെ ചരിത്രത്തിന്റെ ഇടനാഴികളിലൂടെ പ്രേക്ഷകനെ അലയാൻ വിടുന്ന ശക്തവും മനോഹരവുമായ കാൻവാസാണ് സുകുറോവിന്റെ 'ഫ്രാങ്കോഫോണിയ' കാഴ്ചവയ്ക്കുന്നത്. 2015ൽ പുറത്തിറങ്ങിയ ഈ ചിത്രത്തിലാണ് അദ്ദേഹം അവസാനമായി കൈവച്ചത്. കവിത നിറച്ച ഒരു ചിത്രം പോലെയോ ഒരു ആർട്ട് ഇൻസ്റ്റലേഷൻ പോലെയോ തോന്നിപ്പിക്കുന്ന ഫ്രെയിമുകളാണ് ഫ്രാങ്കോഫോണിയയുടേത്.

22nd IFFK
DECEMBER 8—15 2017
THIRUVANANTHAPURAM
INTERNATIONAL FILM FESTIVAL OF KERALA

സിനിമയേക്കാളേറെ സാഹിത്യമാണ് തനിക്കിഷ്ടമെന്ന് ഒരിക്കൽ സുകുറോവ് പറയുകയുണ്ടായി. സിനിമയോടുള്ള പ്രണയം പക്ഷേ ആ ആഭിമുഖ്യത്തെ മറികടന്നത് സാഹിത്യത്തിന്റെ നഷ്ടമായെങ്കിൽ സിനിമയ്ക്കത് നേട്ടമായി. ഐ.എഫ്.എഫ്.കെയുടെ പ്രേക്ഷകർ സുകുറോവിന്റെ സിനിമകളെ പിന്തുടരണം.

> മഹത്തായ റഷ്യൻ ചലച്ചിത്ര പൈതൃകത്തിന്റെ കരുത്തുറ്റ സൂക്ഷിപ്പുകാരൻ അലക്സാണ്ടർ സുകുറോവിനെ ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരം നൽകി ഐ.എഫ്.എഫ്.കെ ആദരിക്കുന്നു. അദ്ദേഹത്തിന്റെ പ്രശസ്ത ചിത്രങ്ങളും മേളയിൽ കാണാം.

റഷ്യൻ ആർക്കിൽ നിന്ന്

പ്രതികരണങ്ങൾ

മേളയ്ക്ക് കൊടി ഉയരുമ്പോൾ...

വി.ശശികുമാർ

കൊടുങ്കാറ്റു വീശി കടൽത്തീരം ദുഃഖത്തിലായപ്പോൾ തലസ്ഥാന നഗരി പൂരപ്പറമ്പാക്കുന്ന ചലച്ചിത്രമേളയുടെ കെട്ടുകാഴ്ചകളും ആട്ടവും പാട്ടും വേണ്ടെന്നു വച്ചത് നന്നായി. വർഷങ്ങളായി മേള ജനകീയവും കെട്ടുകാഴ്ചയും ആൾക്കൂട്ടവുമാക്കി ആഘോഷിച്ചിരുന്ന സംഘാടകർ നിരാശരായെങ്കിലും ശരിയായ സിനിമാ ആസ്വാദകർ അത് നന്നായെന്നേ പറയൂ.

കഴിഞ്ഞ കുറെ വർഷങ്ങളായി ഫിലിം ഫെസ്റ്റിവൽ വേദികൾ സർക്കാർ വക ഓണാഘോഷങ്ങൾ പോലെ ആയിരുന്നല്ലോ. മുൻകാലാനുഭവങ്ങളും ചരിത്രവും മനസിലാക്കാതെയുമാണ് ഓരോ വർഷവും ഫെസ്റ്റിവൽ നടത്തികൊണ്ടു പോയിരുന്നത്. പ്രൊഫഷണലിസമോ സ്ഥിരമായ ഒരു മാനേജ്മെന്റോ ഇല്ലാതെ മാറിമാറി വരുന്ന സർക്കാരുകൾ ഉണ്ടാക്കുന്ന ഭരണസമിതികളുടെ നയങ്ങൾ നടപ്പിലാക്കുമ്പോൾ നടപ്പു രീതികളും മാറ്റുകയാണ്.

സർക്കാർ മാറുന്നതനുസരിച്ച് സെക്രട്ടേറിയറ്റിലെ കാതലായ നടപടിക്രമങ്ങൾ മാറാതിരിക്കുന്നതുപോലെ ഫിലിം മേള നടത്തേണ്ട നടപടിക്രമങ്ങൾ എഴുതിയുണ്ടാക്കി നടപ്പിലാക്കിയിരുന്നെങ്കിൽ ഡെലിഗേറ്റ് പാസ് രജിസ്ട്രേഷനുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുണ്ടാകില്ലായിരുന്നു. ഫലം പതിനായിരം പാസ് വിതരണം ചെയ്യാൻ തീരുമാനിച്ചിരുന്നത് പതിനോരായിരമാക്കേണ്ടി വന്നു. ഇവിടെയാണ് പ്രൊഫഷണലിസത്തിന്റെ അഭാവം കാണുന്നത്. പോയ വർഷം പതിനാലായിരം പാസുകൾ വിതരണം ചെയ്ത് തിയേറ്ററിൽ തിക്കും തിരക്കുമായി പലരും പടം കാണാതെ പോയി. ഇനി ഇവിടേക്കില്ലെന്നു പറഞ്ഞു ഗോവയ്ക്കു പോയി. പാസ് നൽകുന്നതിനും സീറ്റു റിസർവ് ചെയ്യുന്നതിനുമുള്ള സോഫ്ട്‌വെയർ ഉണ്ടാക്കുന്ന സ്ഥാപനങ്ങളെ സ്ഥിരമായേല്പിക്കാതെ കാലാകാലങ്ങളിൽ മാറ്റുന്നതിനാൽ നാളിതുവരെ നടന്നിരുന്ന മേളകളിൽ പങ്കെടുത്ത ഡെലിഗേറ്റുകളുടെ വിവരം അക്കാഡമിയിലില്ല എന്നതാണ് ലജ്ജാകരം. 'എണ്ണത്തിലാണല്ലോ കാര്യം കിണ്ണത്തിലല്ലോ' എന്ന പഴമൊഴി ഇവിടെയാണ് ഐ.എഫ്.എഫ്.ഐയെ നോക്കി മനസിലാക്കേണ്ടത്. കഴിഞ്ഞ അഞ്ചു വർഷമായി മേളയിൽ പങ്കെടുത്തവർക്ക് മേള തുടങ്ങുന്നതിനു മുൻപ് രജിസ്റ്റർ ചെയ്യാൻ മെയിൽ ചെയ്യും. രജിസ്റ്റർ ചെയതാൽ പരിശോധിച്ചതിനുശേഷം അറിയിപ്പു ലഭിച്ചാലേ പണം സ്വീകരിക്കൂ. അതുപോലെ പുതിയ അപേക്ഷക്കൊപ്പം സിനിമയിൽ താത്പര്യമുണ്ടെന്നുള്ളതിനു സാക്ഷ്യപത്രങ്ങളും നൽകണം. ഗോവയിൽ ചെയ്തതുപോലെ നേരത്തേ പങ്കെടുത്തവർക്ക് മുൻകൂറായി അറിയിപ്പ് [മെയിൽ വഴിയോ എസ്.എം.എസ് വഴിയോ] നൽകിയിരുന്നെങ്കിൽ മുൻപ് പങ്കെടുത്തവർക്ക് പാസ് ലഭിച്ചില്ലെന്നുള്ള പരാതി ഒഴിവാക്കാമായിരുന്നു.

മേളയ്ക്കു മുൻപ് മുഖ്യമന്ത്രിയുടെയും സാംസ്കാരിക വകുപ്പു മന്ത്രിയുടെയും ചിത്രം വച്ച ഫ്ലക്സ് ബോർഡു കൾ മേളയിടങ്ങളിലും, റോഡരികിലും കണ്ടു. അവരെ സന്തോഷിപ്പിക്കാൻ ഏതോ ശിങ്കിടിചെയ്ത പണിയാണ്. ഇത് ചർച്ചാവിഷയമായി ഇത്തരം സാംസ്കാരിക പരിപാടികൾക്ക് തന്റേതടക്കം ഒരു മന്ത്രിയുടെയും ചിത്രം വച്ച ബോർഡുകൾ വയ്ക്കരുതെന്ന നിർദ്ദേശം നൽകാൻ മുഖ്യമന്ത്രിയോ അദ്ദേഹത്തിന്റെ ഉപദേശകരോ തയ്യാറാകണം.

(ലേഖകന്റെ ഫോൺ: 9447057788)